**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 499

11.06.2013-ലെ മറുപടിയ്ക്ക്

## സഹകരണ ആഡിറ്റ് സംവിധാനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. റ്റി.എൻ.പ്രതാപൻ<br>,, എ.റ്റി.ജോർജ്<br>,, പി.എ.മാധവൻ<br>,, വി.ഡി.സതീശൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) 97-ാം ഭരണഘടനാ ഭേദഗതി നിയമപ്രകാരം സഹകരണ സംഘങ്ങളുടെ ആഡിറ്റിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്; ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സഹകരണ ആഡിറ്റ് സംവിധാനത്തിൽ മാറ്റം വരുത്താനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) സാമ്പത്തിക വർഷം അവസാനിച്ച് ആറു മാസത്തിനുള്ളിൽ സഹകരണ സംഘങ്ങളുടെ ആഡിറ്റ് പൂർത്തിയാക്കി ആഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയിരിക്കണമെന്ന് 2013 ലെ സഹകരണ നിയമ ഭേദഗതി വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിൻ പ്രകാരം സഹകരണ സംഘങ്ങളുടെ പൊതുയോഗമായിരിക്കും ആഡിറ്റർമാരെ തീരുമാനിക്കുക. നിയമ ഭേദഗതിക്കനുസൃതമായ ചട്ടങ്ങൾക്ക് രൂപം നൽകി വരുന്നു. |
| (ബി) സഹകരണ മേഖലയിലെ അപ്പക്സ് സ്ഥാപനങ്ങളിൽ ആഡിറ്റ് കുടിശ്ശിക നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) സംസ്ഥാനത്തെ 19 അപെക്സ് സ്ഥാപനങ്ങളിലായി ആകെ 50 ആഡിറ്റുകൾ കുടിശ്ശികയാണ്. വ്യവസായ വകുപ്പിന്റെ കീഴിലുള്ള കാപെക്സിന്റെ 1996-97 മുതലുള്ള 16 ആഡിറ്റുകൾ, റ്റുട്രോണിക്സിന്റെ 4 ആഡിറ്റുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. |
| (സി) സഹകരണ സ്ഥാപനങ്ങളിലെ ആഡിറ്റ് സമകാലമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും, ആഡിറ്റ് സമകാലമാക്കുന്നതിന് 01.04.2013 മുതൽ 30.09.2013 വരെ ആഡിറ്റ് കുടിശ്ശിക നിവാരണ തീവ്രയജ്ഞ പരിപാടി സഹകരണ വകുപ്പിന്റെ ആഡിറ്റ് വിഭാഗം ആസൂത്രണം ചെയ്തു നടപ്പാക്കി വരുന്നു. 30.09.2013 നു മുമ്പ് |

കുടിശ്ശികയുള്ള ആഡിറ്റുകൾ പൂർത്തിയാക്കുന്നതിന് ഈ പരിപാടിയിലൂടെ സാദ്ധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. ആഡിറ്റ് കുടിശ്ശിക കൂടുതലുള്ള സർക്കിളുകളിൽ ക്യാംപ് ആഡിറ്റുകൾ സംഘടിപ്പിച്ചും ഇടപാടുകൾ കൂടുതലുള്ള സ്ഥാപനങ്ങളിൽ ടീം ആഡിറ്റ് നടത്തിയും ആഡിറ്റ് പൂർത്തിയാക്കുന്നു. സഹകരണ വകുപ്പിന്റെ ഭരണ വിഭാഗത്തിൽ നിന്നുള്ള ഉദ്യോഗസ്ഥരെയും ചില ജില്ലകളിൽ സർവ്വീസിൽ നിന്നും വിരമിച്ച ഏതാനും സഹകരണ വകുപ്പ് ഉദ്യോഗസ്ഥരെയും താൽക്കാലിക അടിസ്ഥാനത്തിൽ ആഡിറ്റ് ചെയ്യുന്നതിന് നിയോഗിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ